പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2187** 17-2-2016 ൽ മറുപടിക്ക്

# കെൽട്രോൺ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.റ്റി.യു.കുരുവിള** | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കെൽട്രോണിനെ നവീകരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കെൽട്രോണിന്റെ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി എയ്റോസ്പേസ്, ഇലക്ട്രോണിക്സ്, ഡിഫൻസ് ഇലക്ട്രോണിക്സ്, ഐടി, ട്രാഫിക്സിഗ്നൽ, സെക്യൂരിറ്റി സർവൈലൻസ്, അറ്റൻഡൻസ് സിസ്റ്റം, ബയോമെട്രിക്ക് ഐഡികാർഡ്, ഐടിവിദ്യാഭ്യാസം, സോളാർ, എൽ.ഇ.ഡി തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും ഗുണപരിശോധനയ്ക്കും ആവശ്യമായ നവീനവും വിപുലവുമായ സൗകര്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ കെൽട്രോണിൽ നടപ്പിലാക്കി വരികയാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾക്കായി 16 കോടിരൂപയും അനുബന്ധ യൂണിറ്റുകളായ കണ്ണൂരിലെ കെൽട്രോൺ കമ്പോണൻറ് കോപ്ലക്സിന് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ 18 കോടിരൂപയും കുറ്റിപ്പുറത്തെ കെൽട്രോൺ ഇലക്ട്രോ സിറാമിക്സിന്റെ ട്രാൻസ്ഡ്യൂസർ ഉൽപ്പാദനസംവിധാനങ്ങൾ നവീകരിക്കുന്നതിനായി 145 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കെൽട്രോൺ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) യും | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കെൽട്രോൺ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും മറ്റുള്ളവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഓരോ സ്ഥാപനങ്ങൾക്കും അനുയോജ്യമായ റിവൈവൽ, റിഫോം, റീസ്ട്രക്ചറിംഗ് പദ്ധതികൾ നടപ്പിലാക്കി വരികയാണ്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളിൽ കാലപ്പഴക്കം ചെന്ന മെഷിനറികളുടെ നവീകരണം, ഉൽപ്പാദന സംവിധാനങ്ങളിൽ നൂതനമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, സ്ഥാപനങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട വിവിധ ദീർഘ / ഹ്രസ്വകാല പദ്ധതികൾക്ക് ഇതുവരെ ഏകദേശം 880 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) യും | |

Hanu
സെക്ഷൻ ഓഫീസർ

४